LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്ക് എഴുത്തുപരീക്ഷ നടന്ന തീയതി 19-4-2013, ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി 12-5-2014.

(ബി) ഇന്റർവ്യൂ 10-6-2015 മുതൽ 03-07-2015 വരെയാണ് നടന്നത്. ഇന്റർവ്യൂ പൂർത്തിയായിട്ടുണ്ട്.

(സി) ജനറൽ വിഭാഗത്തിൽ 229 ഒഴിവുകളും അംഗനവാടി ജീവനക്കാരിലെ ഡിഗ്രി യോഗ്യതയുള്ളവരുടെ വിഭാഗത്തിലെ 93 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പി.എസ്.സി.-യിലെ കമ്പ്യൂട്ടർവൽക്കരണം

30(5611) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ കമ്പ്യൂട്ടർവൽക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ കമ്പ്യൂട്ടർവൽക്കരണം മൂന്ന് ഘട്ടങ്ങളായാണ് നടത്തിവരുന്നത്. ഒന്നാം ഘട്ടത്തിൽ അഡ്മിഷൻ ടിക്കറ്റ് ജനറേഷൻ, അപേക്ഷകളുടെ കമ്പ്യൂട്ടർ വെരിഫിക്കേഷൻ, ബാർകോഡ് റീഡിംഗ്, ഡാറ്റാ എൻട്രി എന്നിവ ആരംഭിച്ചു. രണ്ടാം ഘട്ടത്തിൽ പരീക്ഷാനന്തര ജോലികളായ ഷോർട്ട് ലിസ്റ്റ്, റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ, വിവിധ ജില്ലാ, മേഖലാ ഓഫീസുകളുടെ കമ്പ്യൂട്ടർ സൗകര്യം വിപുലപ്പെടുത്തൽ എന്നിവയും കേരള പബ്ലിക് സർവീസ് കമ്മീഷന്റെ Website

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കൽ, Software Upgradation എന്നിവയടക്കമുള്ള ജോലികളുമാണ് ഉൾപ്പെട്ടിരുന്നത്. ഇത് 2003-04-ൽ പൂർത്തിയായി. മൂന്നാം ഘട്ടത്തിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കൽ, പരീക്ഷാ മാർക്ക്, ഉത്തര സൂചിക, നിയമന പട്ടിക ഇവ website-ൽ പ്രസിദ്ധീകരിക്കൽ എന്നിവ നടപ്പാക്കിയിട്ടുണ്ട്. ഓൺലൈൻ അപേക്ഷ സ്വീകരിക്കൽ, ഫോട്ടോ പതിച്ച ഓൺലൈൻ അപേക്ഷ സ്വീകരിക്കൽ എന്നിവയും, ഉദ്യോഗാർത്ഥികൾക്ക് ഫോട്ടോ പതിച്ച ഹാൾ ടിക്കറ്റ്, ഇന്റർവ്യൂ മെമ്മോ എന്നിവ download ചെയ്യുന്നതിനുള്ള സംവിധാനമൊരുക്കൽ എന്നിവയും നിലവിൽ വന്നു. ഡിപ്പാർട്ട്മെന്റൽ പരീക്ഷയ്ക്ക് ഓൺലൈൻ ആയി അപേക്ഷ സ്വീകരിക്കുന്ന സംവിധാനവും നടപ്പിലാക്കി. One-time Registration, One-time Verification എന്നീ നൂതന സംവിധാനങ്ങൾ ഒരുക്കുകയും അതുവഴി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന പ്രവർത്തനം ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഓൺലൈൻ പരീക്ഷാ നടത്തിപ്പിലേക്കായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകൾ കേന്ദ്രീകരിച്ച് സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ച് പരീക്ഷ നടത്തിവരുന്നു. കോഴിക്കോട് ജില്ലയിൽ പരീക്ഷാകേന്ദ്രം നിർമ്മാണം പുരോഗമിക്കുന്നു. കാസർഗോഡ് ജില്ലാ ഓഫീസ് സമ്പൂർണ്ണ കമ്പ്യൂട്ടർവൽകൃത ഓഫീസായി മാറ്റുകയും ഓൺലൈൻ ആയി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലേക്കായുള്ള പ്രവർത്തനങ്ങളും കമ്പ്യൂട്ടർ ഉപയോഗിച്ച് result തയ്യാറാക്കുന്ന സാങ്കേതിക സംവിധാനവും പ്രവർത്തനക്ഷമമായി വരികയുമാണ്. ഇത്തരത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ കമ്പ്യൂട്ടർവൽക്കരണം സകല മേഖലകളിലേക്കും വികസിപ്പിക്കുന്നതിലേക്കുള്ള നടപടികൾ മെക്കൊണ്ടു വരികയാണ്.

(സി) 2002-03 മുതൽ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിവരുന്നത്. ഇത് കൂടാതെ കേന്ദ്ര സർക്കാരിന്റെ Additional Central Assistance (ACA) കൂടി ഉപയുക്തമാക്കിയിട്ടുണ്ട്.

പി.എസ്.സി. നിയമനങ്ങൾ

31(5612) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പി.എസ്.സി. റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ തസ്തികകളിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന ഒഴിവുകൾ വകുപ്പ് അധികാരികൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;